കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## കുന്നംകുളം നഗരസഭ

**2018-19**

## ഓഡിറ്റ് റിപ്പോർട്ട്

## തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

**e-mail:dotsr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(എം)359/2020

കേരള സംസ്ഥാന ഓഡിറ്റ് വകു
ജില്ലാ ഓഡിറ്റ് കാര്യാല
തൃശ്ശൂർ – 680
ഫോൺ: 0487 2331
Email: dotsr.ksad@kerala.gc
തീയതി:10.6.2

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കുന്നംകുളം നഗരസഭ

സർ,

വിഷയം : കുന്നംകുളം നഗരസഭ - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്
സംബന്ധിച്ച്

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്ക ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ നഗരപാലിക നിയമം 295(4)എന്നിവയി വ്യവസ്ഥകൾ പ്രകാരം കുന്നംകുളം നഗരസഭയുടെ 2018-19 സാമ്പത്തിക വർഷ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേര ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തു നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾ ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവ ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം ക ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെ അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതു ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി അ

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആറ സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയ തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേര മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 2 (2)എന്നിവ കാണുക)

വിശ്വസ്തതയോ

ജോയിന്റ് ഡയറ

<u>പകർപ്പ്</u>:

1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപ സഹിതം)

3)റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി (ഉപരിപത്രം സഹിത

4)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ (എം)359/2020 തീയതി:10.6.2020

# <u>തൃശ്ശൂർ ജില്ലയിലെ കുന്നംകുളം നഗരസഭയുടെ 201 19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

**(1994** ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് **295(4), 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **-** വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫ

ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കുന്നംകുളം നഗരസഭയുടെ 2018-19 സാമ്പത്തിക വർഷം ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 01.04.2018 മുത 03.02.2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയു ഒടുക്ക്, 2018-19 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പ പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡ അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡ പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറു പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡ റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡ അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാ

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേ വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോ തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പ യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.രാജഗോപാലൻ.സി<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.02.2020 മുതൽ 17.02.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ.ഇ.ശശിഭൂഷൺ | ഓഡിറ്റ് ഓഫീസർ ( ഹ.ഗ്രേ) |
| ശ്രീ.ഷോബി.വി.പി | ഓഡിറ്റ് ഓഫീസർ ( ഹ.ഗ്രേ) |
| ശ്രീ.ബേബി.പി.വി | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ലിഷ.കെ.വി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജോമോൻ.ഇ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.സുനിൽ.പി.ബി | അസിസിറ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.രേഖ.സി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജയൻ.വി.എസ് | ഓഡിറ്റർ |
| ശ്രീ.മോഹനൻ.കെ.എ | ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർപേഴ്സൺ | ശ്രീമതി.സീത രവീന്ദ്രൻ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. മനോജ്. കെ.കെ. | 01-04-2018 മുതൽ 31-03-2019 വരെ |

## വിവിധ നിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, (സൂപ്രണ്ട്)<br><br>താലൂക്ക് ഹോസ്പിറ്റൽ | ഡോ. താജ് പോൾ പനക്കൽ | 01.04.2018 മുതൽ 11.03.2019 വരെ |
| | ഡോ.മണികണ്ഠൻ | 12.03.2019 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.മുരളി കൃഷ്ണൻ.കെ.എസ്. | 01.04.2018 മുതൽ 20.06.2018 വരെ |
| | ഡോ. സുഹാന | 21.06.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ. എൻ.കെ. വാണി | 01-04-2018 മുതൽ 31-03-2019 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.അനിൽ കുമാർ.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ.ഗംഗാദത്തൻ.കെ | 01-04-2018 മുതൽ 31-03-2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. ബിജു. പി.എം | 01-04-2018 മുതൽ 31-03-2019 വരെ |
| പ്രിൻസിപ്പാൾ, ഗവ.മോഡൽ ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ | ശ്രീമതി. ആശാലത. എ.എ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെൽത്ത് സൂപ്പർവൈസർ | ശ്രീ.ലക്ഷ്മണൻ.കെ.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| പ്രൊജക്ട് ഓഫീസർ,<br><br>ദാരിദ്ര്യ നിർമ്മാർജ്ജന വിഭാഗം | ശ്രീമതി.അസിയ.സി.എം | 01-04-2018 മുതൽ 31.03.2019 വരെ |
| പി.എം.എ.വൈ. പ്രോജക്ട് ഓഫീസർ | ശ്രീമതി.കാർത്തിക.സി | 01-04-2018 മുതൽ 07.08.2018 വരെ |
| | ശ്രീ.അജിലേഷ്.കെ.വി | 08.08.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ബിന്ദു.കെ.എ. | 01.04.2018 മുതൽ |

| | | |
|---|---|---|
| | | 25.07.2018 വരെ |
| | ശ്രീമതി.ഹേമലത | 26.07.2018 മുതൽ 31-03-2019 വരെ |
| അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.ബിനയ് ബോസ്. ഇ.സി, | 01.04.2018 മുതൽ 31-03-2019 വരെ |
| അസി. എഞ്ചിനീയർ | ശ്രീ. ടിജോ. ടി.ജെ | 01.04.2018 മുതൽ 31-03-2019 വരെ. |
| എച്ച്. എം, ഗവ. മോഡൽ ബോയ്സ് ഹൈസ്ക്കൂൾ | ശ്രീമതി.നസീമ.കെ.എ | 01.04.2018 മുതൽ 31-03-2019 വരെ. |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |
| 3 | സാമ്പത്തിക വിശകലനം | 1.3 |
| 4 | ഫണ്ട് വിനിയോഗം | 1.4 |
| 5 | പദ്ധതി അവലോകനം. | 1.5 |
| 6 | ക്ഷേമ പദ്ധതികൾ | 1.6 |
| 7 | ക്യാഷ് പരിശോധന | 1.7 |
| 8 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1.8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.9 |
| 10 | വാർഷികകണക്കിലെ അപാകതകൾ | 1.10 |
| 11 | രശീതിപുസ്തകങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1.11 |
| 12 | സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. | 1-12 |
| 13 | പരസ്യനികുതി - കുടിശ്ശിക ഈടാക്കേണ്ടതാണ്. | 1-13 |
| 14 | കെട്ടിട നിർമ്മാണ അനുമതി - ചട്ടങ്ങൾ പാലിക്കേണ്ടതാണ്. | 1-14 |
| 15 | ഒഴിവായി കിടക്കുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് - സമയബന്ധിതമായി സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം ലഭ്യമാക്കേണ്ടതാണ്. | 1-15 |
| 16 | അനധികൃത നിർമ്മാണം - അപാകതകൾ. | 1-16 |
| 17 | വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. | 1-17 |
| 18 | സാമൂഹ്യ സുരക്ഷ പെൻഷൻ -അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ ഹാജരാക്കിയില്ല | 1-18 |
| 19 | ഗുണഭോക്തൃ വിഹിതം അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. | 1-19 |
| 20 | നഗരസഭ കാന്റീൻ നവീകരണം -നാളിതുവരെയായിട്ടും പ്രവർത്തന സജ്ജമാക്കിയിട്ടില്ല. | 1-20 |

| | | |
|---|---|---|
| 21 | ഭേദഗതി വരുത്തിയ പ്രോജക്ടിന് ഡി.പി.സി അംഗീകാരം വാങ്ങിയിട്ടില്ല. | 1-21 |
| 22 | സ്പോർട്സ് കൗൺസിൽ രൂപീകരിക്കണം | 1-22 |
| 23 | വാഹന പരിപാലനം അപാകതകൾ. | 1-23 |
| 24 | ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം അവശ്യരേഖകൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല | 1-24 |
| 25 | വെള്ളക്കരം -സംയുക്ത പരിശോധന നടപടികൾ എത്രയും വേഗം പൂർത്തിയാക്കണം. | 1-25 |
| 26 | കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് സൂക്ഷിപ്പ് കാര്യക്ഷമമല്ല. | 1-26 |
| 27 | സെക്രട്ടറിയുടെ ശമ്പളം സ്റ്റേറ്റ് ഫണ്ടിലേക്ക് അടവാക്കുന്നില്ല. | 1-27 |
| 28 | ബൈലോക്ക് അംഗീകാരം ലഭ്യമാക്കിയിട്ടില്ല. | 1-28 |
| 29 | സീവേജ് - ഡ്രെയിനേജ് പ്ലാന്റ് മാസ്റ്റർ പ്ലാൻ -തുടർ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണം. | 1-29 |
| 30 | കേന്ദ്രാവിഷ്കൃത പദ്ധതികൾ രേഖകൾ സൂക്ഷിയ്ക്കുന്നതിലെ അപാകതകൾ | 1-30 |
| 31 | ബിറ്റുമിൻ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഈടാക്കിയില്ല | 1-31 |
| 32 | അഡ്വക്കേറ്റ് ഫീസ് നല്കിയതിന് ആദായനികുതി ഈടാക്കി അടവാക്കിയില്ല | 1-32 |
| 33 | മുൻകൂറുകൾ ക്രമീകരിച്ചതു സംബന്ധിച്ചരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-33 |
| 34 | സർക്കാർ അനുമതിയില്ലാതെ, അംഗീകാരമില്ലാത്ത തസ്തികകളിൽ താല്ക്കാലിക ജീവനക്കാരെ നിയമിച്ച് ശമ്പളം നൽകി വരുന്നു. | 1-34 |
| 35 | പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-35 |
| 36 | ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി -രേഖകൾ ഹാജരാക്കിയില്ല ചെലവ് തടസ്സപ്പെടുത്തുന്നു | 1-36 |
| 37 | ഭിന്ന ശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി - ഗുണഭോക്താക്കൾക്ക് തുക ലഭിച്ചിട്ടില്ല | 1-37 |
| 38 | അങ്കണവാടി പോഷകാഹാരം പദ്ധതി - അപാകതകൾ | 1-38 |
| 39 | ആട് വിതരണം പദ്ധതി-അപാകതകൾ | 1-39 |
| 40 | കന്നുകുട്ടി പരിപാലനം പദ്ധതി -വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-40 |
| 41 | വെറ്ററിനറി പോളി ക്ലിനിക്കിന്റെ കണ്ടിജന്റ് ചെലവുകൾ രേഖകൾ ലഭ്യമാക്കിയില്ല | 1-41 |
| 42 | പാലളക്കുന്ന ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി അപാകതകൾ | 1-42 |
| 43 | സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പദ്ധതികളുടെ ചെലവു രേഖകൾ | 1-43 |

| | | |
|---|---|---|
| | ലഭ്യമാക്കിയിട്ടില്ല | |
| 44 | പട്ടിക ജാതി യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-44 |
| 45 | കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞ ശ്രവണ വൈകല്യമുള്ളവരുടെ ആവർത്തന ചെലവുകൾ-ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല. | 1-45 |
| 46 | തുടർ സാക്ഷരത പരിപാടി തുല്യത ഇൻസ്ട്രക്ററർമാർക്കുള്ള വേതനം പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ചു. | 1-46 |
| 47 | തോടുകളുടെ സംയോജനം ഡി.പി.ആർ തയ്യാറാക്കൽ-രേഖകൾ ലഭ്യമാക്കിയിട്ടില്ല. | 1-47 |
| 48 | ഹരിത കേരളം -തരിശു നിലങ്ങൾ കൃഷി യോഗ്യമാക്കൽ -രേഖകൾ ലഭ്യമാക്കിയില്ല. | 1-48 |
| 49 | ചെലവു രേഖകൾ ലഭ്യമല്ല-തുക തടസ്സപ്പെടുത്തുന്നു | 1-49 |
| | ഭാഗം-2<br>വരവ്-നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം-3<br>ചെലവ്-നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 50 | ബിറ്റുമിൻ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഈടാക്കിയില്ല | 3-1 |
| 51 | പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-2 |
| | ഭാഗം-4 | |
| 52 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4.1 |
| 53 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.2 |
| 54 | നിക്ഷേപപ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4.3 |
| 55 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4.4 |
| 56 | വായ്പ/ വായ്പ തിരിച്ചടവ് | 4.5 |
| 57 | സ്ഥിരനിക്ഷേപം | 4.6 |
| 58 | ഓഡിറ്റ് റിക്കവറി | 4.7 |
| 59 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം | 4-8 |
| 60 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 61 | ഓഡിറ്റ് പ്രത്യവലോകനം | 4.10 |
| 62 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.11 |
| 63 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 64 | അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19വർഷത്തെ ബജറ്റ് 13.02.19 തീയതിയിലെ 1 ാം നമ്പർ തീരുമാനപ്രകാ
അംഗീകരിച്ചു. പ്രതീക്ഷിത വരവ് ₹304815892- രൂപയും പ്രതീക്ഷിത ചെലവ് ₹303750
രൂപയും ആണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് തിരികെ ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 5.7.2019 | 14.8.2019 | 17.9.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹ 8,44,56,034.42 |
| വരവ് | ₹ 424328282.00 |
| ആകെ | ₹508784316.42 |
| ചെലവ് | ₹ 434609855.00 |
| നീക്കിയിരിപ്പ് | ₹ 74174461.42 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 59957649 | 59957649 | 59957649 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 27227000 | 27227000 | 27227000 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 81182849 | 81182849 | 60656000 | 20526849 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 23185000 | 23185000 | 23185000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 15341000 | 15341000 | 15341000 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരി പ്രോജക്ടുകളു ശതമാനം |
|---|---|---|---|---|---|---|
| 420 | 321226447 | 318 | 187595150 | 96 | 6 | 75.71% |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 27000 | 8 |
| കർഷകതൊഴിലാളി പെൻഷൻ | 8034000 | 627 |
| വിധവാപെൻഷൻ | 26181000 | 2131 |
| വാർദ്ധക്യകാലപെൻഷൻ | 48643200 | 3739 |
| വികലാംഗപെൻഷൻ | 5788300 | 458 |
| അവിവാഹിത പെൻഷൻ | 4264300 | 348 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 420000 | 14 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാ ബാലൻസ് പരിശോധന 14.02.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,58,962/-ര ക്യാഷ് ബാലൻസിന്റെ കുറവ് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണ സംവിധാനം

ആസ്തി രജിസ്റ്റർ യഥാവിധി എഴുതി സൂക്ഷിക്കുന്നില്ല. നഗരസഭ 31/3/2018 വ ആർജ്ജിച്ചതും 2018-19 വർഷത്തിൽ ആർജ്ജിച്ചതുമായ ആസ്തികളുടെ മൂല്യനിർണ്ണ രേഖപ്പെടുത്തി, ആയതിന്റെ ഡിപ്രീസിയേഷൻ കാണിച്ച്, കാലികമാം ഉത്തരവാദിയായ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ആസ്തി രജിസ്റ്റർ ഓഡിറ്റ ഹാജരാക്കിയില്ല. സ്റ്റോക്ക് &സ്റ്റോഴ്സ് മറ്റ് വിലപ്പെട്ട രേഖകൾ എന്നിവയ്ക്ക് ഇൻഷുറൻ

പരിരക്ഷ ഇല്ല. സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും സാക്ഷ്യപ്പെടുത്ത പൂർണ്ണമല്ല .

സാമൂഹ്യ സുരക്ഷ പെൻഷൻ സംബന്ധിച്ച അപേക്ഷകൾ, രജിസ്റ്റർ എന്നി കൃത്യമായി സൂക്ഷിക്കന്നില്ല. സാമൂഹ്യ സുരക്ഷ പെൻഷനു വേണ്ടി ലഭിക്കു അപേക്ഷകൾ, രജിസ്റ്ററിൽ ചേർത്ത്, വിവിധ അവസ്ഥകളിലെ വിവരങ്ങ രേഖപ്പെടുത്തി, കൗൺസിൽ അംഗീകാരം ലഭിച്ചവയും, ലഭിക്കാത്തവ പ്രത്യേകമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ലോഗ് ബുക്ക് യഥാവിധി എഴു സൂക്ഷിക്കുന്നില്ല. ഡി&ഒ ലൈസൻസ്, തൊഴിൽ നികുതി രജിസ്റ്ററുകള് (ട്രേഡ്ഴ്സിന്റെ )ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ എഴുതി സൂക്ഷിച്ചിട്ട് വാടക രജിസ്റ്ററിൽ (ടൗൺ ഹാൾ, ഷോപ്പിംഗ് കോംപ്ലക്സ് എന്നീ ഇനങ്ങളിൽ രേഖപ്പെടുത്തിയ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല .

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്താൻ ആവശ്യമായ നടപടിക ഭരണ സമിതിയും, വിവിധ സ്റ്റാൻഡിങ്ങ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.03.19 മുതൽ 21.03.19 വരെ | 2017-18 | ലഭ്യമാക്കിയിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17-05-17 മുതൽ 29-05-17 വരെ | 2015-16 & 2016-17 | 27-06-2017 |

## 1-10 വാർഷിക കണക്കിലെ അപാകതകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടി

2. ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കു എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തില തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമാ പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ട സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഓഡിറ്റിന് ഹാജരാക്ക രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവ ചേർക്കുന്നു.

2.1 വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ

2.2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2.3 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

2.4 ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

2.5 വാടക ഡിമാന്റ് രജിസ്റ്റർ

2.6 പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

2.7 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

2.8 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

3. താഴെ ചേർത്തിരിക്കുന്ന ഇനത്തിലെ തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമാ പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാടക (Civic Amenities)<br><br>(രജിസ്റ്റർ പ്രകാരം) | 14047033 | 12923994 | 1123039 |
| വാർഷിക കണക്കുകൾ പ്രകാരം | 12826914 | 12968079 | 0 |

4. ക്യാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) അക്കൗണ്ട് ചെയ്യപ്പെടുന്ന എ ഇനങ്ങളുടേയും വരവ് രജിസ്റ്ററികളും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല. ച ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം വരുമാനമായി ചേർത്ത തുക | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം | രജിസ്റ്റർ പ്രകാരം കളക്ഷൻ |
|---|---|---|---|
| ബസ് സ്റ്റാന്റ് ഫീസ് | 1077441 | 1077441 | 1616161 |
| മാർക്കറ്റ് ഫീസ് | 1018935 | 918935 | 1016150 (തുറക്കുളം മാർക്കറ്റ് ഫീ - 1006000, മിനി വെജിറ്റബിൾ മാർക്കറ്റ്- 10150) |
| പബ്ലിക്ക് സാനിറ്റേഷൻ ചാർജ്സ് | 909668 | 909668 | 1087000 (ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ- 835000, കായച്ചന്ത കംഫർട്ട് സ്റ്റേഷൻ- 252000) |
| ടൗൺ ഹാൾ വാടക | 1356900 | 1356900 | 1600200 |

മേൽ പറഞ്ഞവയൊഴികെ മറ്റു വരവുകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖക ലഭ്യമാക്കിയില്ല.

5. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താ ചേർത്തിരിക്കുന്ന വരുമാനത്തിന് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാ

ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുക രേഖപ്പെടുത്തുകയോ, ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2019 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | ഡി &ഒ | 350410301-Advance collection of revenues-Licence fees for dangerous and offensive trades | 1100438 |

6. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരമുള്ള കുടിശ്ശികകളു വർഷാടിസ്ഥാനത്തിലുള്ള തുക കണക്കാക്കി സംശയാസ്പാദമായവക്ക് ഇൻകം എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

7. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം Prior Period itemഎ ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന തുകകൾക്കും, വരുമാനമാ ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളേ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കു രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറ വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് ,ഷെഡ്യൂൾ I-18) | 31/3/2019ലെ ലെഡ്ജർ ബാക്കി |
|---|---|
| 280200201-Prior period income-Rent from Civic Amenities | (562107) |
| 280200401-Prior period income-Licence Fee | (15290) |
| 280800300-Prior period-Operations and maintenance expenses | 1190809 |

8. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടു സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കു മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്.

9. 2018-19 വർഷത്തെ ഡിപ്രീസിയേഷൻ കണക്കാക്കിയത് ശരിയായ രീതിയിൽ അ Income and expenditure പത്രികയിൽ ഡിപ്രീസിയേഷൻ കണക്കാക്കിയ ഷെഡ്യ ഉൾപ്പെട്ടിട്ടില്ല.

10. RP-7 Income From Investment ഷെഡ്യൂൾ പ്രകാരം ഡിവിഡന്റ് ഇനത്തിൽ 12900 രൂപ വ രേഖപ്പെടുത്തി കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മന്റ് രേഖകൾ ഭൗതി പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം ഇൻവെസ്റ്റ്മന്റ് ഇല്ല.

11. വാർഷികകണക്കുകളിൽ തൊഴിലുറപ്പ്പദ്ധതിയുടെ ശീർഷകത്ത് രേഖപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കുവാനാവശ്യമായ രേഖക ലഭ്യമാക്കിയിട്ടില്ല.

12. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 149114 രൂപയുടെ ക്ലോസ് സ്റ്റോക്ക് ഉണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല. സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പേ

ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളു. വില രേഖപ്പെടുത്തുന്ന് ആയതിനാൽ ക്ലോസിങ് സ്റ്റോക്ക് കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്ക കഴിയുന്നില്ല. ക്ലോസിംഗ് സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടര സാക്ഷ്യപ്പെടുത്തിയിട്ടില്ല.

13. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ, മുഴുവൻ തുകക രേഖപ്പെടുത്തി കാലികമാക്കിയിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B7, എന്നിവ പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

14. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകള് ചെലവഴിക്കാൻ 31/3/19ൽ ബാക്കിയുള്ള തുകകളുടെ കൃത പരിശോധിക്കുന്നതിനാവശ്യമായ അപ്രോപ്രിയേഷൻ കൺട്രോൾ പരിശോധന ലഭ്യമാക്കിയിട്ടില്ല.

15. ബാലൻസ്ഷീറ്റ് ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകള് UIDSSMT ഒഴികെ തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4 കാണുന്നില്ല.

16. കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability in respect of stale cheque" എന്ന ബാധ ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ട ഉദാഹരണത്തിന്,

| ബാങ്ക് | ആകെ തുക |
|---|---|
| HDFC (Own fund ) | 432773 |
| SBT (Own fund) | 182238 |

17. ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം Cheques deposited but not credited" ആ ഉൾപ്പെടുത്തിയ തുകകളിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായി ക്യാഷ് ചെയ്യാത്ത ചെക്കുകൾ ഉൾപ്പെടുന്നു. ഉദാഹരണത്തിന്,

| ബാങ്ക് | ആകെ തുക |
|---|---|
| HDFC (Own fund ) | 42773 |
| SBT (Own fund) | 270178 |

18. STSB (own fund ) അക്കൗണ്ടിന്റെ റീകൺസീലിയേഷൻ പത്രിക പ്രകാരം " Dire debited by bank" എന്ന ശീർഷകത്തിൽ 1429422 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുമാ ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

19. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/19 വരെ പാർട്ട് ബ് നല്കിയതും എന്നാൽ 31/3/2019 ൽ പണി പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളു തുക 7122917രൂപയാണ്(പാർട്ട് ബിൽ പത്രിക പ്രകാരം). എന്നാൽ മേൽ പറഞ്ഞ ത ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 'ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ' ൽ ഉൾപ്പട്ടിട്ടില്ല.

20. ലൈഫ് പദ്ധതിക്കായി വായ്പ ഇനത്തിൽ തൻവർഷം 37800000രൂപ വരവുണ്ട്. എന്നാ വായ്പ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വായ്പ തുക PMAY അക്കൗണ്ടിലൂടെയാ വിനിയോഗിച്ചിട്ടുള്ളത്. രണ്ടു പദ്ധതികളിലുമായി ചെലവഴിച്ച തുകകളുടെ പ്രത്യേ കണക്കുകൾ ലഭ്യമാക്കിയില്ല.

21. 2017-18 ൽ Secured Loan എന്ന ശീർഷകത്തിൽ ബാദ്ധ്യതയായി രേഖപ്പെടുത്തിയിരു 3995666 രൂപ തൻവർഷം ഒഴിവാക്കിയിട്ടുണ്ട്. ഇതിന് ആസ്പദമായ ഭരണ സമി തീരുമാനം ബന്ധപ്പെട്ട ലഡ്ജർ പകർപ്പുകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.

22. Fund for transferred institution (Agriculture) എന്ന ശീർഷകത്തിൽ തിരിച്ചടവാക്കിയ 2424 ര കുറവു ചെയ്യാതെയാണ് വാർഷിക കണക്കിൽ ചെലവ് രേഖപ്പെടുത്തിയത്.

23. വാർഷിക കണക്കുകൾ ഓഡിറ്റ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റത്തിലൂടെ submission നടത്തിയിട്ടില്ല (AIMS).

24. ഓഡിറ്റ് ചെയ്ത 31.03.18 ലെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 2018-19-ലെ ട്രയൽ ബാലൻസ് പ്രകാരമുള്ള മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | 31.03.18ലെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് | 2018-19-ലെ ട്രയൽ ബാലൻസ് പ്രകാരമുള്ള മുന്നിരിപ്പ് |
|---|---|---|---|
| 1 | 310100100-General Fund | 8078297.04 | 28667838.76 |
| 2 | 310900100-Excess of income over expenditure | 24817859.00 | 4228317.28 |

## 1-11 രശീതിപുസ്തകങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

താഴെ പറയുന്ന ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്ത രശീതിപുസ്തകങ്ങ പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഉദ്യോഗസ്ഥന്റെ പേരുവിവരം | രശീതി ബുക്ക് നം. | രശീതി ബുക്ക് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം ചെയ്ത തിയ്യതി |
|---|---|---|---|
| 1 | സമീറ, എൽ.ഡി.സി. | 951 | 06-04-2018 |
| 2 | ,, | 952 | 12-04-2018 |
| 3 | ,, | 954 | 23-05-2018 |
| 4 | സീനിയർ വെറ്റിനറി സർജൻ കുന്നംകുളം പോളിക്ലിനിക്ക് | 1008 & 1009 | 27-12-2018 |

മേൽ പറഞ്ഞ രശീതിപുസ്തകങ്ങൾ ഹാജരാക്കാത്തതിനാൽ, ആയതു പ്രകാരമു വരവിന്റെ കൃത്യത പരിശോധിക്കുന്നതിനായില്ല. ആയത് സംബന്ധിച്ച് ഓഡ അന്വേഷണ കുറിപ്പ് (38/15-02-2020) നല്കിയതിന് മറുപടി ലഭിച്ചില്ല. രശീതിപുസ്തകങ്ങ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ

## 1-12 സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 സാമ്പത്തിക വർഷത്തിൽ വ്യാപാരസ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി അടവാക്കിയിട്ടില്ലായെ കാണുന്നു. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 21/13-2-20 മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതാണ്. തൊഴിൽ നികുതി അടവാക്കാ സ്ഥാപനങ്ങളിൽ നിന്ന് ആയത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-13 പരസ്യനികുതി - കുടിശ്ശിക ഈടാക്കേണ്ടതാണ്.

ബാലൻസ് ഷീറ്റ് ബി-15 പ്രകാരം പരസ്യ നികുതി കുടിശ്ശിക ഇനത്തിൽ 39,000 ര ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2017 ജൂലായ് 1 മുതൽ ജി.എസ് നടപ്പാക്കിയതിനാൽ പരസ്യനികുതിയിനത്തിൽ നഗരസഭയ്ക്ക് വ ഇല്ലാതായി.പുതിയ നികുതി സമ്പ്രദായം നടപ്പിലാക്കി രണ്ട് വർഷത്തിലധികമായി ഈയിനത്തിലെ കുടിശ്ശിക പിരിച്ചെടുക്കാതെ അവശേഷിക്കുന്നു. കുടിശ്ശ അടിയന്തിരമായി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 കെട്ടിട നിർമ്മാണ അനുമതി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

കെട്ടിടനിർമ്മാണ അനുമതി ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ താ പറയുന്ന അപാകതകൾ കാണുന്നു.

1) കെട്ടിടനിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭര സ്ഥാപനങ്ങളിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് 12900/ആർ.എ.1/2 തസ്വഭവ. തീയതി 02.12.2015 നമ്പർ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലർ പ്രകാരം കെട്ടിടനിർമ്മാണ അനുമതിക്കുള്ള അപേക്ഷ രജി ചെയ്യപ്പെടുന്നത് മുതൽ കെട്ടിടനിർമ്മാണം പൂർത്തിയായി ഒക്യുപൻസി നൽകുന വരെ അപേക്ഷയിന്മേൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെക്കുറ വിശദീകരിക്കുന്നുണ്ട്. എന്നാൽ നഗരസഭയിലെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചത് നിർമ്മാണ അനുമതി നൽകിയതിന് ശേഷമുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ട് നമ്പർ നൽകുന്നതടക്കമുള്ള വിവരങ്ങൾ രേഖപ്പെടുത്തുകയും പെർമിറ്റ് കാലാവ കഴിഞ്ഞവയുടെ പ്രാദേശിക പരിശോധന നടത്തി അനധികൃത നിർമ്മാ നടത്തുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

2) സ്ഥലപരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കാലതാമ നേരിടുന്നതായി കാണുന്നു. ഉദാഹരണത്തിന് ഫയൽ നം. E2-10805/20.06.18 (അപേ നം. BA-388/18-19) ശ്രീജ, കേളേത്ത്താഴെകുരുതിയിൽ എന്നവരുടെ അപേക്ഷയ 22.06.2018 ന് സ്ഥലപരിശോധനാ റിപ്പോർട്ടിനായി നൽകിയ ഫയൽ 24.07.2018 നാ നിരസിച്ച് കൊണ്ടുള്ള റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത്. രാജൻ.കെ.അർജ്ജുന കണ്ടരാശ്ശേരി വീട്, എന്നയാളുടെ 11.07.2018 ന് നൽകിയ ഫയലായ പെർമിറ്റ് അപേ നം. BA-516/18-19, 01.09.2018 നാണ് സ്ഥലപരിശോധനാ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. ഇ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.14/12.02.2020 നുള്ള മറുപടിയിൽ കാലതാമ നേരിട്ടതിന്റെ വിവിധ കാരണങ്ങൾ അറിയിച്ചിട്ടുണ്ട്. നോട്ട് ഫയലിൽ തക്കത കാരണങ്ങൾ രേഖപ്പെടുത്തി മേലുദ്യോഗസ്ഥന്റെ അംഗീകാരം ലഭ്യമാക്കേണ്ടതാണ്

3) രാജൻ.കെ.എ, കിഴൂർ ഹൗസ്, എന്നയാളുടെ പെർമിറ്റ് നം. E2-BA (229593)/2 dt.26.09.2018, അപേക്ഷ നം. BA 162/18-19 എന്ന ഫയലിലെ പ്ലാനിൽ നിർദ്ദിഷ്ട കെട്ടിടത്ത പുറകിലായാണ് പാർക്കിങ്ങ് കാണിച്ചിരിക്കുന്നത്. എന്നാൽ 3.7 മീറ്റർ വീതിയിലു സൈഡ് വഴിയിൽ 3മീറ്ററിലുള്ള ഡിസേബിൾഡ് റാംപ് കാണിച്ചിട്ടുണ്ട്.പാർക്കി ഏരിയയിലേക്ക് പ്രവേശിക്കണമെങ്കിൽ റാംമ്പ് കടക്കേണ്ടതുണ്ട്. ചട്ടപ്രകാ റാമ്പിന്റെ വീതി 1.2 മീറ്റർ കണക്കാക്കിയാലും കാറിന് പോകാനാവശ്യമായ 2.7 മീ സ്ഥലം ഇവിടെ ലഭ്യമാവുകയില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷ നം.14/12.02.2020 നൽകിയതിനെ തുടർന്ന് പാർക്കിങ്ങ് ഏരിയയിലേക്കു

പ്രവേശനത്തിന് തടസ്സമാകാത്ത രീതിയിൽ റാമ്പ് മാറ്റി സ്ഥാപിക്കുവാൻ അറിയ
നൽകിയതായി അറിയിച്ചിട്ടുണ്ട്.
ചട്ടപ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് അധികൃതർ ഉ
വരുത്തേണ്ടതാണ്.

## 1-15 ഒഴിവായി കിടക്കുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് - സമയബന്ധിതമായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാര ലഭ്യമാക്കേണ്ടതാണ്.

വേക്കൻസി റെമിഷൻ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത
കാണുന്നു.
1) നഗരസഭയിലെ വേക്കൻസി റെമിഷൻ രജിസ്റ്റർ പരിശോധിച്ചതിൽ 2011 ലെ കേ
മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജ
ചട്ടങ്ങളിലെ ചട്ടം 21 ഉപചട്ടം (3) ൽ പറയുന്ന ഫാറം 11-ലെ രീതിയിൽ വിവരങ്ങ
രേഖപ്പെടുത്തി കാണുന്നില്ല.
2) 20.07.2019 തീയതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം തീരുമാനം നം.1,
4932/18 പ്രകാരം 76,447/- രൂപയും തീരുമാനം നം.2, R1-1496/18 പ്രകാരം 12,20,277/- രൂപ
2018-19 ഒന്നാം അർദ്ധവർഷത്തെ നികുതി ഇളവ് നൽകുന്നതിന് തീരുമാ
എടുത്തിട്ടുണ്ട്. ഒന്നാം അർദ്ധവർഷം അവസാനിച്ച് ഒരുവർഷത്തോളം കഴിഞ്ഞാ
ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടുള്ളത്.
3) 2018-19 രണ്ടാം അർദ്ധവർഷത്തെ നികുതി ഇളവിന്റെ വിവരങ്ങ
നാളിതുവരെയായും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വന്നിട്ടില്ല.
വാർഷിക ധനകാര്യപത്രികയിൽ നികുതി ഇളവ് ചെയ്ത തുക
ക്രമീകരിച്ചിട്ടുള്ളതായാണ് ഓഡിറ്റ് അന്വേഷണം നം.23/13.02.2020 നുള്ള മറുപടിയ
അറിയിച്ചിട്ടുള്ളത്. വാർഷികധനകാര്യപത്രിക തയ്യാറാക്കുന്നതിന് മുമ്പ് ര
അർദ്ധവർഷത്തെയും വിവരങ്ങൾ കൃത്യമാക്കി ആവശ്യമായ അംഗീകാ
ലഭ്യമാക്കേണ്ടതും ചട്ടപ്രകാരമുള്ള രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-16 അനധികൃത നിർമ്മാണം - അപാകതകൾ.

അനധികൃത നിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ
കാണുന്നു.
1) ചന്ദ്രിക മുതൽപേരുടെ UA [CP-I 388(1)] എന്ന 40 ച.മീ പാർപ്പിടത്തിന് 1620/- ര
നികുതി കണക്കാക്കുകയും 60 ച.മീറ്ററിന് താഴെയുള്ള വാസഗൃഹത്തിന് നൽകു
നികുതിയിളവ് നൽകിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടു
അനധികൃത നിർമ്മാണം നടത്തിയ കെട്ടിടത്തിന് ഇത്തരത്തിൽ നികുതിയി
നൽകിയത് പുനപരിശോധിക്കേണ്ടതും നികുതി കുടിശ്ശിക സഹി
ഈടാക്കേണ്ടതുമാണ്.
2) രജിസ്റ്റർ പ്രകാരം 2012 മുതൽക്കുള്ള വാണിജ്യ കെട്ടിടങ്ങളുൾപ്പടെയുള്ളവയു
വിവരങ്ങൾ കാണുന്നു. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ ചട്ടപ്രകാരം നടപടി
സ്വീകരിക്കേണ്ടതും നികുതി കുടിശ്ശികയുള്ളവ ഈടാക്കേണ്ടതുമാണ്. വികാ
സെന്റ് ജോർജ്ജ് പള്ളി, അടുപ്പൂട്ടി [CP-III/341/1 (U/A)] – 1,48,841/- രൂപ, സെലീന ബേ
സോണിയ റെജി [KMC-IV/955 A1(U/A)]– 41,295/-രൂപ, പി.ജെ.പൗലോസ്, തങ്കം പൗലോ
[KMC-XVI/288 C1(U/A)] - 1,69,420/- രൂപ, സെക്രട്ടറി, YMCA – 4,23,360/- രൂപ എന്നിങ്ങ
കുടിശ്ശികയുള്ളതായി ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അറിയിച്ചിട്ടു
കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
3) ഷാജിമോൻ, കുറ്റിയാട്ടേൽ വീട് എന്നയാളുടെ ഗ്രൂപ്പ് ഡി ഗണത്തിൽ പെടു
ഓഡിറ്റോറിയത്തിന് AP-VII/413 A(1) UA, എന്ന് യു.എ നമ്പർ നൽകുകയും രജിസ്റ്റ

വിസ്തീർണ്ണമായി താഴെ പറയുന്ന പ്രകാരം രേഖപ്പെടുത്തി നികുതി നിർണ്ണയിക്കുക ചെയ്ത് കാണുന്നു.

| | |
|---|---|
| ബേസ്മെന്റ് | 894.56 $m^2$ |
| ഗ്രൗണ്ട് ഫ്ലോർ | 969.17 $m^2$ |
| ഫസ്റ്റ് ഫ്ലോർ | 162.08 $m^2$ |
| സെക്കന്റ് ഫ്ലോർ | 360.00 $m^2$ |
| ആകെ | 2385.81 $m^2$ |

നികുതി 2385.81x50=119291, മേഖല കിഴിവ് 10%, വഴി സൗകര്യത്തിന് 20% വർദ്ധന എന്നിവ കണക്കാക്കുമ്പോൾ 131221x3+L.C=413349 രൂപ എന്ന രീതിയ് കണക്കാക്കിയിരിക്കുന്നു.

അധിക നിർമ്മാണം നടത്തി ക്രമവൽക്കരണത്തിനായി BA-1228/18-19 എ അപേക്ഷയിലുള്ള ഫയലിൽ 2025.81 $m^2$ കെട്ടിടത്തിന്റെ ഒക്ക്യുപ്പൻസി റദ്ദാക്കി യു നമ്പർ നൽകിയിരുന്നതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഡിമാന്റ് നോട്ടീസ് നം. BA-476/15-16 dt.21.07.2018 പ്രകാരം 105343+5267(L.C)=110610 രൂപ 01.04.2018 മുത അടവാക്കാനുള്ളതായി കാണിച്ചിരിക്കുന്നു.

അധിക നിർമ്മാണം നടത്തി ഫയർ എൻ.ഒ.സി ക്കായുള്ള അപേക്ഷയിൽ താ പറയും പ്രകാരമാണ് വിസ്തീർണ്ണം കാണിച്ചിരിക്കുന്നത്.

| | |
|---|---|
| ബേസ്മെന്റ് | 894.56 $m^2$ |
| ഗ്രൗണ്ട് ഫ്ലോർ | 1229.07 $m^2$ |
| ഫസ്റ്റ് ഫ്ലോർ | 814.40 $m^2$ |
| ആകെ | 2938.03 $m^2$ |

ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവ് നം.സി2/1814/2019/D.Dis dt.03.08.2019 പ്രകാരം 1176.78 വിസ്തീർണ്ണമുള്ള ഓഡിറ്റോറിയം (B.F 138.31+G.F 912.28 +F.F 126.19) നിർമ്മാണത്തിന് ലഭ ലേ-ഔട്ട് അംഗീകാരത്തിൽ നിന്നും വ്യതിചലിച്ച് വിസ്തീർണ്ണം വർദ്ധിപ്പിച്ച് 1966.25 തറവിസ്തീർണ്ണം അധിക നിർമ്മാണം നടത്തിയിരിക്കുന്നതിന് റിവൈസ്ഡ് ലേ-ഒ അംഗീകാരം നൽകി ഉത്തരവാകുന്നു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

വിവിധ അപേക്ഷകളിൽ വ്യത്യസ്ത രീതിയിൽ വിസ്തീർണ്ണം രേഖപ്പെടുത്തിയതിനാ യഥാർത്ഥ വിവരം ലഭ്യമാക്കേണ്ടതാണ്. സെക്കന്റ് ഫ്ലോർ നിർമ്മാണത്തിന്റെ വിവ യു.എ രജിസ്റ്ററിൽ മാത്രമാണ് രേഖപ്പെടുത്തി കാണുന്നത്. ഇത് സംബന്ധിച്ച ഓഡ അന്വേഷണം നം.15/12.02.2020 നുള്ള മറുപടിയിൽ കൃത്യമായ വിവരങ്ങ ലഭ്യമാക്കിയിട്ടില്ല. നിരുത്തരവാദമായ സമീപനം മൂലം നഗരസഭയ്ക്ക് ലഭിക്കേ റവന്യൂ വരുമാനം നഷ്ടമാകുന്നുണ്ട്. ആയത് ഒഴിവാക്കേണ്ടതും വിഷയം പരിശോധ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17 വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

1) നഗരസഭകളിലെ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച് സ.ഉ.(സാധാ) നം.540/2 തസ്വഭവ, തീ.06.03.2019 ഉത്തരവ് പുറപ്പെടുവിച്ചത് പ്രകാരം 2019 സെപ്റ്റംബറ് നടപടികൾ പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ഇത് പ്രകാ നഗരസഭയിലെ വസ്തുനികുതി പരിഷ്കരണ നടപടികളിൽ നമ്പറിങ്ങ്, ബേസ് ഡ എൻട്രി എന്നിവ പൂർത്തിയാക്കിയതായും 15 വാർഡുകളിലെ രസീറ്റ് എൻട്രിക പൂർത്തിയാക്കുകയും മറ്റ് വാർഡുകളിലെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതാ ഓഡിറ്റ് അന്വേഷണം നം.34/15.02.2020 നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. സങ്ങ പ്യൂരിഫിക്കേഷൻ പുരോഗമിക്കുന്നതായും അറിയിച്ചിട്ടുണ്ട്. ഈ പ്രവൃത്തിക ഊർജ്ജിതമായി പൂർത്തിയാക്കേണ്ടതാണ്.

2) വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ബി-15 പ്രകാരം Receivables

Property Tax (Current) എന്ന ഇനത്തിൽ 28,31,373/- രൂപയും Arrear ഇനത്തിൽ 20,05,62' രൂപയും ലഭിക്കാനുള്ളതായി കാണുന്നു. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപ സ്വീകരിക്കേണ്ടതാണ്.

3) വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാം സൂക്ഷിച്ചിട്ടില്ല.

വസ്തുനികുതി പരിഷ്കരണ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടത ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-18 സാമൂഹ്യ സുരക്ഷ പെൻഷൻ -അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ ഹാജരാക്കിയില്ല

നഗരസഭയുടെ 2018-19 വർഷത്തെ സാമൂഹ്യ സുരക്ഷ പെൻഷനുകളിൽ താ പറയുന്ന പെൻഷനുകളുടെ അപേക്ഷകൾ, ബന്ധപ്പെട്ട രജിസ്റ്ററുകൾ എന്ന് ഹാജരാക്കിയിട്ടില്ല.

1. ഇന്ദിര ഗാന്ധി ദേശിയ വാർദ്ധക്യകാല പെൻഷൻ.

2.വിധവാ പെൻഷൻ

3. വികലാംഗ പെൻഷൻ

4. കർഷക തൊഴിലാളി പെൻഷൻ

5. 50വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ.

ഓഡിറ്റ് എൻക്വയറി നം.28 പ്രകാരം അപേക്ഷകളും, രജിസ്റ്ററുകളും ഹാജരാക്കുവ ആവശ്യപ്പെട്ടതിന് മറുപടി ആയി തൻവർഷം ലഭിച്ച അപേക്ഷകളുടെ എ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ലഭിക്കുന്ന അപേക്ഷകൾ പ്രത്യേകം രജിസ്റ്ററുകളി ചേർത്ത് ആയതിന്റെ തുടർ നടപടികൾ നിരീക്ഷിക്കേണ്ടതാണ്. ബന്ധപ്പെ രജിസ്റ്ററുകളിൽ അപേക്ഷ ലഭിച്ച തിയതി, അന്വേഷണത്തിന് നൽകിയ തിയ തിരികെ ലഭിച്ച തിയതി, കൗൺസിൽ അംഗീകരിച്ച തിയതി, പെൻഷൻ അനുവദ തിയതി, പെൻഷൻ തിരസ്ക്കരിച്ചിട്ടുണ്ടെങ്കിൽ മേൽ വിവരം എന്ന് രേഖപ്പെടുത്തിയ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും ഓരോ വർഷവും ലഭിക്കു അപേക്ഷകൾ യഥാവിധി സൂക്ഷിച്ച് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാ സാമൂഹ്യ സുരക്ഷ പെൻഷൻ പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാ നടപ്പിലാക്കുവാൻ ബന്ധപ്പെട്ടവരുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 ഗുണഭോക്തൃ വിഹിതം അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

പ്രോജക്ട് നമ്പർ - so155/18.

പ്രോജക്ടിന്റെ പേര് - സ്രാമ്പിപടി മുതൽ സരിഗ റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ.

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസി. എഞ്ചിനിയർ.

ട്രഷറി ബിൽ നം.160/18 -19.dtd. 26.11.18. 288800/ -

മേൽ പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതം 32000/ - രൂപ (സ്ഥാപനത്ത് അടവാക്കുന്നത് )ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഗുണഭോക്തൃ വിഹി പിരിച്ചെടുത്തതിന്റെ യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല. ഫൈനൽ ബ പ്രകാരം ആകെ പ്രവൃത്തി മൂല്യം320000/ - രൂപ കണക്കാക്കിയിട്ടുണ്ട്. ബില്ല്

ഗുണഭോക്തൃ വിഹിതം കുറവ് ചെയ്തിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി 25 പ്രകാ വിശദാംശങ്ങൾ ആവശ്യപ്പെട്ടെങ്കിലും തൃപ്തികരമായ മറുപടി ലഭിച്ചിട്ട് ഗുണഭോക്തൃ വിഹിതം പിരിച്ച് ആയത് സ്ഥാപനത്തിൽ അടവാക്കിയതിന് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-20 നഗരസഭ കാന്റീൻ നവീകരണം -നാളിതുവരെയായിട്ടും പ്രവർത്തന സജ്ജമാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ - so35/19.

അടങ്കൽ - 700000 /-

കരാർ നം. തിയതി - 237/18 -19.dtd. 12.12.18.

കരാർ കാലയളവ് - 6 മാസം

ട്രഷറി ബിൽ നം.350/18- 19.dtd.23.3.19. 700000/ -

കരാറുകാരൻ - സി.എം. ബിജു.

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ട് എസ്റ്റിമേറ്റ് തുക മുഴുവൻ ചെലവഴിച്ചു പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. 12.12.1 പ്രവൃത്തി നടപ്പിലാക്കുവാൻ കരാറുകാരന് സ്ഥലം കൈമാറിയിട്ടുള്ളതാണ്. ഫയല് പൂർത്തീകരണ സാക്ഷ്യപത്രം, മോണിട്ടറിംഗ് സമിതി റിപ്പോർട്ട് എന്ന് സൂക്ഷിച്ചിട്ടുണ്ട്. സ്ഥല പരിശോധനയിൽ കെട്ടിടം പൂട്ടിയിട്ട നിലയി കാന്റീനിലേക്ക് ആവശ്യമായ വലിയ പാചക പാത്രങ്ങൾ കൂട്ടിയിട്ട നിലയി കാണാൻ കഴിഞ്ഞു. നവീകരണ പ്രവർത്തനം പൂർത്തികരിച്ച് ഒരു വർഷം പിന്നിട്ടി കാന്റീൻ പ്രവർത്തന സജ്ജമാക്കിയിട്ടില്ല. തുടർ പ്രവർത്തിക സ്വീകരിക്കേണ്ടതാണ്.

## 1-21 ഭേദഗതി വരുത്തിയ പ്രോജക്ടിന് ഡി.പി.സി അംഗീകാരം വാങ്ങിയിട്ടില്ല.

പ്രോജക്ടിന്റെ പേര് - ഉരുളിക്കുന്നു റോഡ്, ദീപ്തിറോഡ്, സീനിയർഗ്രൗണ്ട്

കോളനി റോഡ് റീ -ടാറിംഗ്.

പ്രോജക്ട് നമ്പർ - so133/18 -19.

എഗ്രിമെന്റ് നം. - 139/18 -19.dtd. 31.8.18.

അളവ് പുസ്തകം - എം.ബി. 125/18.

അടങ്കൽ -500000/ - (വി.ഫ.)

കരാറുകാരൻ - ഇ.കെ.സത്യജിത്ത്.

ട്രഷറി ബിൽ നം. - 163/18 19.dtd. 26.11.18. 500000/-

പ്രോജക്ട് ഫയലിനോടൊപ്പം ഹാജരാക്കിയ പ്രോജക്ടിൽ ഉരുളിക്കുന്നുറോ ദീപ്തിറോഡ്, സീനിയർ ഗ്രൗണ്ട് കോളനി റോഡ് റീ -ടാറിംഗ് എന്നാ

രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പ്രവൃത്തി പൂർത്തികരിച്ചിട്ടുള്ളത് ക നിർമ്മാണം എന്ന രീതിയിലാണ്. ഫയൽ പരിശോധിച്ചതിൽ റിപ്പോർട്ട് എ രേഖപ്പെടുത്തി മേൽ പ്രോജക്ട് അത്യാവശ്യമായ കാന നിർമ്മാണത്തിനാ മാറ്റുകയാണെന്നും ഭേദഗതിയിൽ ഉൾപ്പെടുത്തി ഈ പദ്ധതിയെ റീ - ടാറിംഗ് എന്ന മാറ്റി കാന നിർമ്മാണം എന്നാക്കേണ്ടതാണ് എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. മേ റിപ്പോർട്ട് തയ്യാറാക്കിയ ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, പൂർണ്ണമായ ഒപ്പ് എന്ന രേഖപ്പെടുത്തിയിട്ടില്ല. വിശദമായ എസ്റ്റിമേറ്റ്, റിവൈസ്സ് എസ്റ്റിമേറ്റ് എന്നിവയ ആയതിന് അർഹതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഭേദഗ വരുത്തിയ പ്രോജക്ട് ഡി.പി.സി അംഗീകരിച്ചതായും കാണുന്നില്ല. എസ്റ്റിമേറ്റി ഫൈനൽ ബിൽ എന്നിവയിലും കാന നിർമ്മാണം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ള എന്നാൽ കരാറുകാരൻ എഗ്രിമെന്റ് വെച്ചതിലും ഹാജരാക്കിയ മോണിട്ടറിംഗ് സമി റിപ്പോർട്ടിലും റീ -ടാറിംഗ് പ്രവൃത്തി എന്നാണ് രേഖപ്പെടുത്തിയിട്ടുള്ള യഥാർത്ഥത്തിൽ പ്രോജക്ട് സംബന്ധിച്ച് ആശയ കുഴപ്പം സംജാതമായിട്ടുണ്ട്. ഓഡ എൻക്വയറി 24 നൽകിയതിന് തൃപ്തികരമായ മറുപടി ലഭിച്ചില്ല. ഹാജരാക്ക കൗൺസിൽ തീരുമാനത്തിൽ ചെയർ പേഴ്സൺ ഒപ്പ് വെച്ചിട്ടില്ല. പുതുക്ക പ്രോജക്ടിന്റെ ഡി.പി.സി അംഗീകാരം, എസ്റ്റിമേറ്റ്, റിവൈസ്സ് എസ്റ്റിമേറ്റ് എന്നിവയ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതുമാണ്. മ അപാകതകളും പരിഹരിച്ച് ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

സ.ഉ.(കൈ) നം.17/2018/തസ്വഭവ, തിയതി. 2.2.2018 ഖണ്ഡിക നം.3.5, 3.8 എന്നിവയ സൂചിപ്പിക്കുന്ന രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കുവാനും പ്രോജക്ടുകളു അംഗീകാര നടപടികൾ പാലിക്കാനും ശ്രദ്ധിക്കേണ്ടതുമാണ്.

## 1-22 സ്പോർട്സ് കൗൺസിൽ രൂപീകരിക്കണം.

2/2/18 തിയ്യതിയിലെ സ.ഉ.(കൈ) നംപർ 17/18 ത.സ്വ.ഭ.വ. മാർഗ്ഗരേഖ ഖണ്ഡിക: പ്രകാരം പതിമൂന്നാം പദ്ധതിയിൽ കായിക രംഗത്ത് തദ്ദേശ സ്വയം ഭര സ്ഥാപനങ്ങൾ കൂടുതൽ സജീവമായി ഇടപെടേണ്ടതിന്റെ ആവശ്യകത ഊ പറയുന്നുണ്ട്. ജനങ്ങളുടെ കായികവും മാനസികവുമായ ആരോഗ്യം ഉ വരുത്താനും ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കാനും ഇത് ആവശ്യമാണ്. 4/ 8378/ ഡി.എ.1 /2010 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തദ്ദേശസ്ഥാപന സ്പോർസ് കൗൺസിൽ രൂപീകരിക്കണ്ടതാണ്.എന്നാൽ ആയത് രൂപീകരിച്ചിട്ട കൂടാതെ കായിക വിനോദങ്ങൾക്ക് പ്രോൽസാഹനം നൽകുന്ന പദ്ധതികൾ ഒന്ന തന്നെ തൻ വർഷത്തിൽ ആസൂത്രണം ചെയ്യിട്ടില്ലാ എന്നും കാണുന്നു. ജില്ലയി നഗരസഭകളിൽ വെച്ചേറ്റവും മനോഹരവും ആധുനി സൗകര്യങ്ങളോടുകൂടിയതുമായ ഒരു സ്റ്റേഡിയം കുന്ദംകുളത്ത് സ്ഥിതിചെയ്യുന്നു ഈ സാഹചര്യത്തിൽ സ്പോർട്സ് കൗൺസിൽ എത്രയും വേഗം രൂപീകരിക്കണ ഇക്കാര്യത്തിൽ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധയുണ്ടാകണമെന്ന് ഓഡ അഭിപ്രായപ്പെടുന്നു.

## 1-23 വാഹന പരിപാലനം - അപാകതകൾ

നഗരസഭയിൽ ഉപയോഗത്തിലിരിക്കുന്ന കെ.എൽ.46.യു-3439, കെ.എൽ-8/എ.ജെ.4 കെ.എൽ.46 ടി 169, ബൊലറോ ജീപ്പുകൾ കെ.എൽ46കെ 0603, ടോയോട്ട എത്തിയോ കാർ എന്നിവയുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത കാണുന്നു.

1) ലോഗ് ബുക്ക് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) ഇന്ധനം നിറക്കുന്നത് ഫുൾ ടാങ്ക് കപ്പാസിറ്റിയിലല്ല ആയതിനാൽ ഇന്ധന ക്ഷമ സാക്ഷ്യപ്പത്രം പ്രകാരമുള്ള ഇന്ധനക്ഷമത വാഹനങ്ങൾക്ക് ലഭ്യമാകുന്നുണ്ടോയെ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) വാഹന ഉപയോഗത്തെ കുറിച്ചുള്ള പ്രതിമാസ സംക്ഷിപ്തവും, വാഹനത്തിൽ ഇന്ധ നിറക്കുന്നതും ഉത്തരവാദിത്തപ്പെട്ട ഉദ്ധ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട് ഇക്കാര്യത്തിൽ 2/8/08 തിയ്യതിയിലെ നംപർ 41/2008/ധനം സർക്കുലർ പ്രകാരമു നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്

4) കെ.എൽ.8 എ ജെ 4636 ബൊലറോ ജീപ്പ് 376216 കിലോമീറ്ററിലധി ഉപയോഗിച്ചതായും ടി.വാഹനത്തിന്റെ കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ റിപ്പ ചെലവുകൾ വാർഷിക വിലയിടിവായ 10 ശതമാനത്തേക്കാൾ അധികരിക്കുന്നതാ കാണുന്നു. ഇക്കാര്യത്തിൽ 16/10/19 ലെ ജി.ഒ.(കൈ)45/19/പൊതുമരാമത്ത് വക പ്രകാരം വാഹനം കയ്യൊഴിക്കുന്നതിനുള്ള നടപടികൾ എത്രയും വേഗത്ത് സ്വീകരിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

5)വാഹനങ്ങൾ ഇൻഷൂർ ചെയ്തിരിക്കുന്നത് ഓറിയന്റൽ ഇൻഷൂറൻസ് കമ്പനിയില എന്നാൽ 18-4-2000 തിയ്യതിയിലെ സർക്കാർ ഉത്തരവ് നംപർ819/2000/ധനം. പ്രക വാഹനങ്ങൾ കേരള സ്റ്റേറ്റ് ഇൻഷൂറൻസ് ഡിപ്പാർട്ട്മെന്റിൽ ഇൻഷൂർ ചെയ്യേണ്ടതാ ഇൻഷൂറൻസ് അടവാക്കുന്നതിന് ഓൺലൈൻ സൗകര്യങ്ങളോ, ചെക്ക് സൗകര്യ നിലവിൽ ലഭ്യമല്ലാത്തത് കാരണമാണ് കേരള സ്റ്റേറ്റ് ഇൻഷൂറൻസിൽ വാഹനങ്ങ ഇൻഷൂർ ചെയ്യാതെ ഓറിയന്റൽ ഇൻഷൂറൻസ് കമ്പനിയിൽ ചെയ്തിരിക്കുന്നതെന്ന ഇതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണത്തിന് (നമ്പർ 10/11-2-20) ലഭ്യമാക്ക മറുപടിയിൽ അറിയിച്ചിരിക്കുന്നത്. ടി വിശദീകരണം തൃപ്തികരമല്ല. ഇക്കാര്യത്ത് സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്. വാഹനത്തിന്റെ ഉപയോഗത്തെകുറിച്ച് കേ മുൻസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലന ചട്ടങ്ങൾ,2000ലെ )ചട്ടം-3,4,7,8 എന്നിവ പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററു കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-24 ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം അവശ്യരേഖകൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല.

ഹെൽത്ത് ഓഫീസർ നടപ്പാക്കിയ ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം പദ്ധ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

പദ്ധതി നംപർ. 219/18-19

ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം

അടങ്കൽ. 15,00,000

ചെലവ് . 14,91,500

ട്രഷറി ബിൽ നംപർ 1 2തിയ്യതി 21-3-19

മേൽ പദ്ധതി പ്രകാരം ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം നൽകുന്ന പദ്ധതിയ് ഗുണഭോക്താക്കളായ പത്തൊൻപത് പേർക്ക് കെൽട്രോണിൽ നിന്ന് മുച്ചക്ര വാഹ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചത് ഗുണഭോക്താക്കളുടെ ലൈസൻസും വാഹനം ഓടിക്കാൻ പ്രാപ്തരാണെന്നതിന മെഡിക്കൽ സർട്ടിഫിക്കറ്റും, കഴിഞ്ഞ എട്ട് വർഷത്തിനുള്ളിൽ ടി ആനുകൂല

ലഭ്യമായിട്ടില്ലായെന്നുള്ളതിന് രേഖയുമില്ലെന്ന് കാണുന്നു. മേൽ പറഞ്ഞിരിക്കു രേഖകൾ പരിശോധനക്കായി ഹാജരാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡ അന്വേഷണത്തിന് (നമ്പർ 17/12-2-20) ലഭ്യമാക്കിയ മറുപടിയിൽ ആറ ലഭ്യമായിട്ടില്ലെന്നും ലഭിക്കുന്ന മുറക്ക് ഹാജരാക്കാമെന്നുമാണറിയിച്ചിട്ടുള്ള ലൈസൻസ് നിർബന്ധമായും ഉറപ്പാക്കേണ്ടതാണ്. 14-02-2018 തിയതിയിലെ സർക്ക ഉത്തരവ് (കൈ)നം.22/2018/ത.സ്വ.ഭ.വ പ്രകാരം നിർബന്ധമായും ഉൾപ്പെടുത്തേണ്ട രേഖകൾ ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-25 വെള്ളക്കരം -സംയുക്ത പരിശേധന നടപടികൾ എത്രയും വേഗം പൂർത്തിയാക്കണം.

നഗരസഭയിൽ നിലവിലൂള്ള പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തി തൻവർഷത്തിൽ തുക അടവാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡ അന്വേഷണത്തിന് (നമ്പർ5/7-2-20)ലഭ്യമാക്കിയ മറുപടി പ്രകാരം നിലവിലുണ്ടായിരു 151 പൊതുടാപ്പുകളിൽ കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് നടത്തിയ സംയു പരിശോധനയിൽ ഉപയോഗശുന്യമായി കണ്ടെത്തിയ 43 ടാപ്പുകളുടെ ക നാളിതുവരെയായി ഒഴിവാക്കിയിട്ടില്ലെന്നും ആയത് ഒഴിവാക്കുന്നതിനായി വാ അതോറിറ്റിക്ക് കത്ത് നൽകിയെങ്കിലും അനുകൂല നടപടികൾ ഉണ്ടായിട്ടില്ലെന ഇപ്പോഴും മുൻപ് നിലവിലുണ്ടായിരുന്ന എണ്ണത്തിനുള്ള തുക ഡിമാ ചെയ്യുകയാണെന്നും കൂടാതെ പൊതുടാപ്പുകളിൽ ആവശ്യത്തിന് വെള ലഭ്യമാകാത്ത സാഹചര്യം നിലവിലുള്ളതിനാലുമാണ് കരമടവാക്കാത്തതെന അറിയിച്ചിട്ടുണ്ട്.

വെള്ളക്കരം യഥാസമയം അടവാക്കാത്തത് ഭീമമായ കുടിശ്ശിക ഈടാക്കുവാ തുടർന്ന് തീർപ്പാക്കുന്ന സമയത്ത് വലിയ ബാദ്ധ്യത വരുത്തുകയും ചെ ആയതിനാൽ 13/9/13 തിയ്യതിയിലെ സ.ഉ.(ആർ.ടി.)2334/13 ത.സ്വ.ഭ.വ, 10/ തിയ്യതിയിലെ സർക്കുലർ നമ്പർ 44485/B-3/ ത.സ്വ.ഭ.വ പ്രകാരമുള്ള നടപടികൾ പാല വൻ തുകയുടെ കുടിശ്ശിക ഡിമാന്റ് ഒഴിവാക്കേണ്ടതുമാണ്. ഇക്കാര്യത്തി കൗൺസിലിന്റെ അടിയന്തിര ശ്രദ്ധയുണ്ടാകേണ്ടതാണെന്ന് ഓഡ അഭിപ്രായപ്പെടുന്നു.

## 1-26 കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് സൂക്ഷിപ്പ് കാര്യക്ഷമമല്ല

നഗരസഭയിൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് കൃത്യമാ പരിപാലിക്കുന്നില്ല.ഇതുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 8/1-7-2 ലഭ്യമാക്കിയ മറുപടി പ്രകാരം പെൻഷൻ ഫണ്ട് രൂപീകരിച്ച് പെൻഷ കോൺട്രിബ്യൂഷൻ തുക പി.പി.എ.125 എന്ന അക്കൗണ്ടിലേക്ക് അടവാ വന്നിരുന്നതും പിന്നീട് ടി പെൻഷൻ ഫണ്ടിലേക്ക് ഓരോ മാസവും അടവാക്കേണ്ട ത നാമ മാത്രമാവുകയും പെൻഷനായി അനുവദിക്കേണ്ട തുകയുമായി വലിയ വ്യതാ വരുകയും ചെയ്തതിനാൽ നിലവിൽ ടി ഫണ്ടിലേക്ക് തുക അടവാക്കുന്നില്ലായെന പകരം തനത് ഫണ്ടിൽ നിന്നാണ് അനുവദിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. 1997

കേരള മുൻസിപ്പാലിറ്റി കണ്ടിജന്റ് ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെ( ബെനിഫിറ്റ് ചട്ടങ്ങൾ എച്ച് 7 പ്രകാരം കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫ കൃത്യമായി പരിപാലിക്കേണ്ടതാണ്. അല്ലാത്തപക്ഷം അധിക ബാധ്യത വരുന്നത. ഇടയാക്കുമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 1-27 സെക്രട്ടറിയുടെ ശമ്പളം സ്റ്റേറ്റ് ഫണ്ടിലേക്ക് അടവാക്കുന്നില്ല.

കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3) പ്രകാരം അടവാക്കേണ്ട നഗരസ സെക്രട്ടറിയുടെ ശമ്പളവും മറ്റലവൻസുകളും സ്റ്റേറ്റ് ഫണ്ടിലേക്ക് അടവാക്കുന്നില്ലെ പരിശോധനയിൽ കാണപ്പെട്ടു. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്ത (നമ്പർ 4/7-2-20) ലഭ്യമാക്കിയ മറുപടി പ്രകാരം നഗരസഭാ സെക്രട്ടറിക്ക് 2/2011 വ നൽകിയ ശമ്പളവും മറ്റലവൻസുകളും ട്രഷറിയിൽ അടവാക്കിയിട്ടുള്ളതാണെ തുടർന്ന് സാമ്പത്തിക ബുദ്ധിമുട്ടു കാരണം അടവാക്കിയിട്ടില്ലെന്നും മനസ്സിലാക്കു( നഗരസഭാ സെക്രട്ടറി മുൻസിപ്പാലിറ്റി ജീവനക്കാരനല്ലാത്തതിനാൽ സേവനത്ത പ്രതിഫലം നൽകണമെന്നുള്ള വ്യവസ്ഥയുള്ളതിനാൽ ശമ്പളവും മറ്റലവൻസുക( സ്റ്റേറ്റ് ഫണ്ടിലേക്ക് മുടക്കം വരാതെ അടവാക്കേണ്ടതാണ്.

## 1-28 ബൈലോക്ക് അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

നഗരസഭയിൽ പ്രവർത്തിക്കുന്ന ലൈബ്രറി അടുപ്പൂട്ടി പ്രദേശത്ത് പ്രവർത്തിച്ച് വരു വാതക ശ്മശാനം എന്നിവയുടെ നടത്തിപ്പ് സംബന്ധിച്ച് നൽകിയ ഓഡ അന്വേഷണത്തിന് (നം.7/07.02.2020) ലഭ്യമാക്കിയ മറുപടി പ്രകാരം, ബൈ തയ്യാറാക്കിയിട്ടില്ലെന്നറിയിച്ചിട്ടുണ്ട്. ബൈലോ തയ്യാറാക്കി ആയതിന് സർക്കാര് നിന്ന് സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 1-29 സീവേജ് - ഡ്രെയിനേജ് പ്ലാന്റ് മാസ്റ്റർ പ്ലാൻ -തുടർ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണം.

ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ ഡി.പി.ആർ തയ്യാറാക്കൽ പദ്ധതി നം.19/2018-19 പ്രകാരം കുന്ദംകുളം നഗരസഭയി( മുഴുവൻ മലിനജലവും ട്രീറ്റ് ചെയ്ത് ശുദ്ധീകരിക്കുന്നതിനായി സീവേജ്/സെപ്റ്റേജ് പ്ലാ( സ്ഥാപിക്കുന്നതിനായി ഡി.പി.ആർ തയ്യാറാക്കുന്നതിനായി റാം ബയോളജിക്കൽ എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടുള്ളതും ആയതിലേക്ക് വൗച്ചർ നം. 58/7-1 തിയ്യതി 5-7-18 പ്രകാരം 1000000 രൂപ മുൻകൂറായി നൽകിയിട്ടുള്ളതുമാണ്. (ട്രഷറി ബ നമ്പർ 10/dt.22/2/19). ടി തുകക്ക് ഇൻകം ടാക്സ് ആക്റ്റ് 194 j പ്രകാരം രണ്ട് ശതമാനം ആദ നികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. ഇതുമാ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 11/11-2-20) ലഭ്യമാക്കിയ മറുപടി പ്രക ബാക്കി നല്കാനുള്ള തുകയിൽ നിന്ന് ഈടാക്കുമെന്നറിയിച്ചിട്ടുണ്ട്. ആയത് വീ( വരുത്താതെ ഈടാക്കേണ്ടതാണ്.

അഞ്ച് ലക്ഷം രൂപയിൽ കവിഞ്ഞ പ്രവർത്തിയായതിനാൽ 17/11/15 ലെ സർക്ക ഉത്തരവ് (പി)524/15 /ധനം പ്രകാരം ഇലക്ട്രോണിക്ക് ടെണ്ടർ മുഖാന്തിരമായിരിക്കെ ടെണ്ടർ ക്ഷണിക്കേണ്ടത്, ആയത് പാലിച്ചിട്ടില്ല. ഇതുമായി നൽകിയ ഓഡ അന്വേഷണത്തിന് (നം.11/11.02.2020) ലഭ്യമാക്കിയ മറുപടിയിൽ ടെണ്ടർ നിയമങ്ങൾ വിധേയമായി പത്രപരസ്യം നൽകിയിടുണ്ടായിരുന്നെന്നാണറിയിച്ചിട്ടുള്ളത്. വിശദീകരണം തൃപ്തികരമല്ല. ടെണ്ടർ നടപടി ചട്ടങ്ങൾ കൃത്യമായി പാലിക്കേണ്ടതാ(

റാം ബയോളജിക്കൽസ് എന്ന സ്ഥാപനവുമായി ചമച്ച കരാർ പ്രകാരം ഡി.പി.ആ തയ്യാറാക്കി നല്കുന്നതിനായി അമ്പത് ശതമാനം തുക മുൻകൂറായി നൽകിയ ശേഷ പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമായശേഷം മാത്രം ബാക്കി തുക നൽകാമെന്നാ വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ നാളിതുവരെയായി സാങ്കേതികാനുമ ലഭ്യമായിട്ടില്ലായെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ബന്ധപ്പെട്ട ഫയ പരിശോധിച്ചതിൽ നടപ്പു വർഷത്തിൽ ബാക്കി നൽകാനുള്ള തുകയുടെ മുപ്പ ശതമാനം നൽകിയതായി കാണുന്നു. ഇത് ചമച്ചിരിക്കുന്ന കരാറിന്റെ ലംഘനമാണ്. പദ്ധതിക്കായി വലിയ തുകയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള സാഹചര്യത്ത് ആയതിന്റെ ലഭ്യതയെ കുറിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന് സംസ്ഥ സർക്കാരിന്റെ കിഫ്ബി പദ്ധതിയുടെ അംഗീകാ ലഭിച്ചിട്ടുണ്ടെന്നാണറിയിച്ചിട്ടുള്ളത് .

മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി വലിയ തുകക്കുള്ള ചെലവ് വന്നിട്ടുള്ളതിനാ തുടർ പ്രവർത്തനങ്ങളായ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് അനുയോജ്യമായ സ്ഥ കണ്ടെത്തൽ, പാരിസ്ഥിതിക പ്രശ്നങ്ങൾ, അതുമൂലം ഉണ്ടാകാനിടയുള്ള പ്രാദേശ വാസികളുടെ എതിർപ്പ് മറ്റ് അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന ഏകോപിപ്പിക്കുന്ന നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-30 കേന്ദ്രാവിഷ്കൃത പദ്ധതികൾ - രേഖകൾ സൂക്ഷിക്കുന്നതി അപാകതകൾ

**<u>അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി</u>**

ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. ചെക്ക് ഇഷ്യൂ രജിസ്റ്റർ മാതൃകയി ചെലവുകൾ എഴുതുന്ന രജിസ്റ്റർ, എസ്.ബി.ഐ, കാത്തലിക്ക് സിറിയൻ ബ എന്നിവിടങ്ങളിലെ (യഥാക്രമം എക്കൗണ്ട് നമ്പർ 671719949375,0050-03966729- 190001) പാ ബുക്കുകളും മാത്രമാണ് സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ഓഡിറ്റിന് ഹാജരാക്കിയ ആയതിൽ മാസാന്ത്യ , വർഷാന്ത്യ ചെലവ് സംഗ്രഹം രേഖപ്പെടുത്തുക ഉത്തരവാദിയായ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടത്തുകയോ ചെയ്തിട്ടില്ല.

ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതും, മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിര എന്നിവയുടെ മാസാന്ത്യ , വർഷാന്ത്യ സംഗ്രഹം രേഖപ്പെടുത്തി, ക്യാഷ് ബുക്ക്, പാ ബുക്ക്, നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തി ഉത്തരവാദിയായ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

**<u>സ്വച്ഛ് ഭാരത് മിഷൻ പദ്ധതി</u>**

പ്രസ്തുത പദ്ധതിക്ക് വേണ്ടി മുനിസിപ്പൽ സെക്രട്ടറിയുടെ പേരിൽ ICICI കുന്നംകു ബ്രാഞ്ചിൽ എക്കൗണ്ട് നമ്പർ075601001015 പ്രകാരമുള്ള പാസ്ബുക്ക് അനുസര 65,51,031/- രൂപ വരവും ,1,96,001/- രൂപ ചെലവും കാണുന്നു.

<u>അപാകതകൾ</u>

പദ്ധതിയുടെ ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. വരവുകൾ സംബന്ധിച്ച രേഖ പ്രത്യേകിച്ചും അലോട്ട്മെന്റ് ഉത്തരവുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതും, മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിര എന്നിവയുടെ മാസാന്ത്യ, വർഷാന്ത്യ സംഗ്രഹം രേഖപ്പെടുത്തി, ക്യാഷ് ബുക്ക്, പാ ബുക്ക്, നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തി ഉത്തരവാദിയായ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

**ദേശീയ നഗര ഉപജീവന മിഷൻ**

ക്യാഷ്ബുക്കിൽ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ മാസാന്ത സംഗ്രഹം രേഖപ്പെടുത്തുന്നുണ്ടെങ്കിലും, ആയത് പാസ്സ് ബുക്ക് നീക്കിയിരിപ്പുമാ പൊരുത്തപ്പെടുത്തുകയോ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകേ ചെയ്യുന്നില്ല. ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതും, മുന്നിരിപ്പ്, വരവ്, ചെല നീക്കിയിരിപ്പ് എന്നിവയുടെ മാസാന്ത്യ, വർഷാന്ത്യ സംഗ്രഹം രേഖപ്പെടുത്തി, ക്യാ ബുക്ക്, പാസ്സ് ബുക്ക്, നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തി ഉത്തരവാദിയ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 1-31 ബിറ്റുമിൻ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഈടാക്കിയില്ല

ഫയൽ നമ്പർ : ഇ1 15632/2016

വൗച്ചർ നമ്പർ : 36/6-2019

ചെക്ക് നമ്പർ : 375 തിയ്യതി 4-6-2019

ഓഡിറ്റ് എൻക്വയറി നമ്പർ 37 തിയ്യതി 15-2-2020

സ.ഉ. (സാ.ധ) 564/2017 ത.സ്വ.ഭ.വ തി.1-3-2017 പ്രകാരം ബിറ്റുമിൻ ട്രാൻസ്പോർട്ടേഷ ചെലവ് തദ്ദേശ സ്വയംഭരണ സ്ഥാപനം വഹിക്കുകയും ഈ തുക വിവ കരാറുകാരിൽ നിന്നും ഈടാക്കുകയും ചെയ്യേണ്ടതാണ്. ഓഡിറ്റു കാലയളവിൽ ശ്ര എൻ. ഉണ്ണികൃഷ്ണൻ, ഹരിമംഗലത്ത് ഹൗസ്, വെളിയം കൊല്ലം എന്നയാൾക്കാ ബിറ്റുമിൻ ട്രാൻസ്പോർട്ടേഷൻ കരാർ ഉറപ്പിച്ചു നൽകിയിട്ടുള്ളത്. ഈയിനത്ത് തനതുഫണ്ടിൽ നിന്ന് ചെലവുചെയ്ത ₹ 4,08,136- അന്യത്ര സൂചിപ്പിച്ച സർക്ക ഉത്തരവിനു വിധേയമായി ഈടാക്കിയിട്ടില്ലാത്തതായി പരിശോധനയിൽ കണ്ടു.

ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ ചെലവു ചെയ്ത തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ബിറ്റുമിൻ VG 30 242.7 MT @ 1420/MT ₹ 3,44,634-

ബിറ്റുമിൻ എമൽഷൻ 41.235 MT @ 1540/MT ₹ 63,502-

ആകെ ₹ 4,08,136-

ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ നഗരസഭ ചെലവു ചെയ്ത ₹ 4,08,1 ഓഡിറ്റുകാലയളവിൽ റോഡു നിർമാണ പ്രവൃത്തികൾ നിർവഹിച്ച വിവ കരാറുകാരിൽ നിന്ന് സർക്കാർ ഉത്തരവിനു വിധേയമായി ഈടാക്കേണ്ടതാണ്.

## 1-32 അഡ്വക്കേറ്റ് ഫീസ് നല്കിയതിന് ആദായനികുതി ഈടാക്കി അടവാക്കിയില്ല

കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത വിവിധ കേസുകള് നഗരസഭയ്ക്കുവേണ്ടി ഹാജരായ അഡ്വക്കേറ്റ് ശ്രീ.ഐ.വി.പ്രമോദിന് താഴെ പറ വിധം വക്കീൽ ഫീസ് അനുവദിച്ചുനല്കിയിട്ടുള്ളതാണ് .എന്നാൽ ശ്രീ. ഐ. പ്രമോദിൽ നിന്നും ആദായനികുതി ചട്ടം 194 ജെ അനുശാസിക്കും വിധത്തിലു ആദായനികുതി (10%) ഈടാക്കിയിട്ടില്ലാത്താണ്. ശ്രീ.ഐ.വി.പ്രമോദിന് അനുവദ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം . & തിയ്യതി | അനുവദിച്ച തുക |
|---|---|---|
| 1 | 21800732/01-09-2018 | 15,000 |
| 2 | 21800726/01-09-2018 | 10,000 |
| 3 | 21800727/01-09-2018 | 10,000 |
| 4 | 21800728/01-09-2018 | 10,000 |
| 5 | 21800729/01-09-2018 | 10,000 |
| 6 | 21800730/01-09-2018 | 10,000 |
| 7 | 21800731/01-09-2018 | 10,000 |
| 8 | 21801133/28-12-2018 | 60,000 |
| ആകെ | | 1,35,000 |

മേൽ പരാമർശിച്ച ആദായ നികുതി ചട്ടപ്രകാരം ശ്രീ.ഐ.വി പ്രമോദിൽ നിന്ന് ₹13,500/- ആദായ നികുതി ഈടാക്കി അടവാക്കേണ്ടതായിരുന്നു. അത്തരതിലു നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയത് ഒഴിവാക്കേണ്ടതാണ്.

## 1-33 മുൻകൂറുകൾ ക്രമീകരിച്ചതു സംബന്ധിച്ചരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

നഗരസഭയുടെ 2018-19 കാലയളവിലെ തനതു ഫണ്ട് വൗച്ചറുകൾ പരിശോധിച്ചത് വിവിധ ആവശ്യങ്ങൾക്കായി താഴെ പറയും പ്രകാരം മുൻകൂറുക അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ ഇവയിൽ പലതും അഡ്വാൻസ് രജിസ്റ്ററ് രേഖപ്പെടുത്തുകയോ, ആയവ ക്രമീകരിച്ചതു സംബന്ധിച്ച രേഖകൾ പരിശോധനയ് ഹാജരാക്കുകയോ ചെയ്യിട്ടില്ലാത്താണ്. വിശദവിവരം താഴെ ചേർക്കുന്നു.

| വൗച്ചർ നം. തിയ്യതി | തുക കൈപ്പറ്റിയ വ്യക്തി | ആവശ്യം | തുക (₹) |
|---|---|---|---|
| 21800887/ 31-10-18 | സാഹിറ, JHI-II | പ്ലാസ്റ്റിക് കളക്ഷൻ - തുറകുളം മാർക്കറ്റിൽ ഷെഡ് നിർമ്മാണം ഫയൽ നം.H1-13697/18 | 39,000 |
| 21800950/ 30-11-18 | അനൂപ്.പി.കെ. ക്ലാർക്ക് | വാഹനത്തിന്റെ അടിയന്തിര ഫിറ്റിംഗ്സ് വാങ്ങുന്നതിന് ഫയൽ നം.E3-16766/18 | 24,000 |
